**Week-4**

# Weekly - Devotion October - 2016

## Training in childhood (ചെറുപ്പകാലത്തെ പരിശീലനം)

"ചെറുപ്പകാലങ്ങളിലുള്ള ശീലം

മറക്കുമോ മാനുഷനുള്ള കാലം"




ഈ വരികൾ ചിന്തയിൽ കടന്നു വന്നതിനു കാരണം കഴിഞ്ഞ ദിവസങ്ങളിൽ തുടർച്ചയായിക്കാണുന്ന കൊലപാതക വാർത്തകളാണ്. സ്വത്തിന്റെ പേരിൽ അപ്പനെ തലയ്ക്കടിച്ചു കൊന്ന മകൻ , മദ്യപിച്ച് വഴക്കുണ്ടാക്കിയ മകനോട് ദേഷ്യ പ്പെട്ട മാതാവിനെ കൊന്ന മകൻ, ധൂർത്തപുത്രനെ സഹിക്കാൻ വയ്യാതെ തലയ്ക്ക ടിച്ച പിതാവ്, പ്രേമാഭ്യർത്ഥന നിരസിച്ചതിന് പെൺകുട്ടികളെ പട്ടാപകൽ പൊതു നിരത്തിൽ വച്ച് കുത്തിക്കൊല്ലുന്ന യുവാക്കൾ.......എന്തെല്ലാം ഭയങ്കരതകൾ നടക്കു ന്നു. ഇത്തരം സംഭവങ്ങൾ എന്തുകൊണ്ടു നടക്കുന്നു ? ഈ ചോദ്യത്തിന് ഒറ്റ വാച കത്തിലുള്ള ഉത്തരം , ജീവിത സൗകര്യങ്ങൾ പരിശീലനം നൽകുന്നതിന് തടസ്സമാ കുന്നു എന്നതാണ്.

ഒരു സഹോദരൻ തന്റെ എൺപതാം വയസ്സിലും തന്റെ ബാല്യകാലത്തെ അനുസ്മരിച്ചത് ഞാൻ ഓർക്കുന്നു. കടയിൽ നിന്ന് വീട്ടിലേക്ക് സാധനങ്ങൾ വാങ്ങി വന്ന ബാലൻ (ഇന്നത്തെ വൃദ്ധൻ) ആളുകൾ കൂടി നിൽക്കുന്നതു കണ്ട് റോഡരികിലുള്ള പുരയിടത്തിലേക്ക് വേഗം ചെന്നു. അവിടെ എത്തിയപ്പോളാണ് ചീട്ടുകളിയാണെന്ന് മനസ്സിലായത്. അവിടുത്തെ രസം കണ്ടു നിന്ന ബാലൻ വീട്ടിലെത്തിയപ്പോൾ തന്നെ പ്രതീക്ഷിച്ചു നില്ക്കുന്ന പിതാവിനെയാണ് കണ്ടത്. എടാ..... നീ എവിടെയായിരുന്നു ? എന്ന ചോദ്യത്തിന് സത്യസന്ധമായിത്തന്നെ മറുപടി പറഞ്ഞു. അടിയാണ് പ്രതീക്ഷിച്ചത്. സാധനങ്ങൾ കൊണ്ടു വച്ചിട്ട് വേദപുസ്തകം എടുത്തു കൊണ്ടു വരുവാൻ പറഞ്ഞ ആ ശബ്ദം ഇന്നെന്ന പോലെ ചെവിയിൽ മുഴങ്ങുന്നു. വരാന്തയിൽ കസേരയിലിരുന്ന അപ്പന്റെ അടുക്കലെത്തിയപ്പോൾ ഒന്നാം സങ്കീർത്തനം സഫുടമായി വായിക്കുവാൻ പറഞ്ഞു. ആദ്യത്തെ രണ്ട് വാക്യങ്ങൾ പല പ്രാവശ്യം വായിപ്പിച്ചു. ഇന്ന് അത് ഓർക്കുമ്പോൾ എന്റെ പിതാവിന്റെ സ്നേഹം ഓർത്ത് ഞാൻ ദൈവത്തിന് നന്ദി പറയും. അതിൽ പിന്നെ ഈ പ്രായം വരെയും ആ പരിശീലനം നഷ്ടമാക്കാതെ ഞാൻ സൂക്ഷിച്ചു എന്ന് പറഞ്ഞ് ആ വൃദ്ധസഹോദരൻ കണ്ണ് തുടയ്ക്കുന്നത് ഞാൻ കണ്ടു.



ആവ: (32:11) വായിച്ചാൽ കഴുകൻ തന്റെ കുഞ്ഞുങ്ങൾക്ക് നൽകുന്ന പരിശീലനത്തെ കാണാം. നമ്മുടെ നാട്ടിൽ വിരളമായി കാണപ്പെടുന്ന ഒരു പക്ഷിയാണ് കഴുകൻ. കഴുകൻ കൂട് കൂട്ടുന്നത് ഉയർന്ന മരങ്ങളുടെ മുകളിലാകയാൽ ശത്രുഭയം ഉണ്ടാകുന്നില്ല. കൂർത്തമുളകളും, കമ്പുകളും, വള്ളി

കളും  ഉപയോഗിച്ച് കൂടിന്റെ പുറഭാഗം നിർമ്മിക്കുന്നു. ഇത് ശത്രുക്കളിൽ നിന്ന് രക്ഷനേടുവാൻ സഹായിക്കുന്നു. അകവശങ്ങൾ ചെറിയ കമ്പുകൾ, കമ്പിക്കഷണങ്ങൾ ഇവ ഉപയോഗിച്ച് അടുക്കി വൃത്തിയാക്കുന്നതിനാൽ കൂട് കൂടുതൽ ബലമുള്ളതാകുന്നു. വീണ്ടും ചകിരി, പഴന്തുണി ഇവ ഉപയോഗിച്ച് കൂടിനകം മിനുസപ്പെടുത്തുന്നു. ഇപ്രകാരം അതിവിദഗ്ദ്ദമായി നിർമ്മിച്ച കൂട്ടിൽ പെൺപക്ഷി മുട്ടയിടുന്നു. അട ഇരുന്ന് വിരിയുന്ന കുഞ്ഞിന് അമ്മ തീറ്റ കൊടുക്കുന്നതോടൊപ്പം ചില പരിശീലനങ്ങൾ നൽകുകയും ചെയ്യുന്നു. കുഞ്ഞങ്ങൾ സ്വല്പം വലുതാകുമ്പോൾ ആദ്യം പഞ്ഞി കൊണ്ടുള്ള ഭാഗം തള്ള വലിച്ച് കളയുന്നു. അതോടെ ചകിരിയുടെ പുറത്ത് ചെറിയ വേദന സഹിച്ച് ഇവ കഴിയുന്നു. ക്രമേണ അതും വലിച്ച് കളയുന്നു. അപ്പോൾ ചുള്ളിക്കമ്പിന്റെ പുറത്ത് കിടക്കുവാൻ ശീലിക്കുന്നു. പപ്പും പൂടയും വച്ചു കഴിയുമ്പോൾ ചുള്ളിക്കമ്പുകളും മാറ്റുന്നു. മുള്ളു കൊണ്ട് വേദനിച്ചു കരയുന്ന കുഞ്ഞിനെ ക്രമേണ പുറത്തേക്ക് തള്ളിയിടുന്നു. കൂടിന് പുറത്തേക്ക് തള്ളിയിട്ട കുഞ്ഞ് താഴേക്ക് പോകുന്നത് വീക്ഷിക്കുന്ന അമ്മ കുട്ടി ക്ഷീണിക്കും മുമ്പ് അതിനെ ചിറകിന്മേൽ വഹിക്കുന്നു. ഇപ്രകാരമുള്ള പരിശീലനം പലതവണയാകുമ്പോൾ കഴുകൻ ഭയം കൂടാതെ പറക്കുവാൻ ശീലിക്കുന്നു.

ലൗകീക സുഖങ്ങളിൽ മുഴുകി വഴിയിൽ തളർന്നു പോകുന്ന, സ്വയം ജീവിതം നശിപ്പിക്കുന്ന മക്കൾ എന്തു കൊണ്ട് അപ്രകാരം അധപതിച്ചു എന്ന് ചിന്തിക്കുക. പരിശീലനം കൊടുക്കേണ്ട സമയത്ത് നൽകാതെ ഇളവു നൽകിയാൽ തലമുറകൾ നശിക്കും. ഒരിക്കൽ നല്ല പരിശീലനം തലമുറകൾക്ക് നൽകിയാൽ, സ്നേഹത്തോടെ ഉപദേശിച്ചാൽ നമ്മുടെ മക്കളും നല്ല വഴിയിൽ തന്നെ യാത്ര ചെയ്യും. ദൈവവചനം ശ്രദ്ധയോടെ കേൾക്കുക മാത്രമല്ല കേട്ടത് ഹൃദയത്തിൽ സൂക്ഷിക്കുകയും ചെയ്യുക. യഹോവയെ മഹത്വപ്പെടുത്തിയാൽ യഹോവ നമ്മെയും ഉയർത്തും. ഇപ്രകാരം നല്ല പരിശീലനം കുട്ടികൾക്ക് നൽകുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

## പ്രാർത്ഥന

പ്രീയ സ്വർഗ്ഗീയ പിതാവേ! ഞങ്ങൾ നിന്നിൽ ആശ്രയിക്കുന്നു. ഞങ്ങൾ നടക്കേണ്ടുന്ന വഴി ഞങ്ങളെ അറിയിച്ച് ആ വഴിയിൽ ഞങ്ങളോടൊപ്പം നടന്ന് പരിശീലിപ്പിക്കേണമേ. അങ്ങയുടെ വചനം ഞങ്ങളുടെ പാതയ്ക്ക് പ്രകാശമാകുന്നതിനാൽ വചന പ്രകാരം പാതയിൽ കാലുകൾ വയ്ക്കുവാൻ പരിശീലനം തരേണമേ. യേശുവിൻ നാമത്തിൽ തന്നെ ആമേൻ


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind